ഭരണഭാഷ-മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
തദ്ദേശ സ്വയംഭരണ വകുപ്പ്
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് &
എഞ്ചിനീയറിംഗ് വിംഗ്)
മൂന്നാം നില, റവന്യൂ കോംപ്ലക്സ്
പബ്ലിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം-33

Phone: 0471-2324951
0471-2325071
Tele Fax: 0471-2324951
e-mail: celsgd@gmail.com
Website: www.celsgd.kerala.gov.in

നം. ഡി.ബി.2/16749/19/സിഇ/എൽ.ഐ.ഡി&ഇ.ഡബ്ല്യു

തീയതി 25/11/2021

## *സർക്കുലർ*

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് (എൽ.ഐ.ഡി&ഇ.ഡബ്ല്യു) - കില – കിഫ്ബി – പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം – സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ - സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സേവനം ലഭ്യമാക്കുന്നത്– സംബന്ധിച്ച്.

സൂചന:-
1. 20.10.2021 ലെ ബഹു. തസ്വഭവ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം.
2. ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ 18.11.2021-ന് കൂടിയ യോഗത്തിന്റെ മിനുട്സ്.

*********

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി കിഫ്ബിയുടെ സഹായത്തോടെ കിലയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയോഗിച്ച് നടപ്പാക്കുന്ന സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിന്, തദ്ദേശ സ്വയം ഭരണ വകുപ്പ് വഴി നിലവിൽ നടപ്പിലാക്കി വരുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ ഏതൊക്കെ ചുമതലകളാണോ ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ നിർവഹിച്ചു വരുന്നത് ആയത് കിഫ്ബി-കില-വഴി നടപ്പിലാക്കേണ്ടുന്ന പ്രവൃത്തികളുടെ കാര്യത്തിലും നിർവഹിക്കേണ്ടതാണ്. ഇതിനുപരിയായി വരുന്ന കിഫ്ബിയുടെ മാനദണ്ഡമനുസരിച്ചുള്ള രജിസ്റ്ററുകൾ തയ്യാറാക്കൽ, റിപ്പോർട്ട് തയ്യാറാക്കൽ, തുടങ്ങിയവ പി.എം.യു-കില യുടെ തന്നെ നേരിട്ടുള്ള നിയന്ത്രണത്തിൽ നിർവ്വഹിക്കേണ്ടതും, ആയത് തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയർ ബോധ്യപ്പെട്ട് തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

അതുപോലെ Inkel തയ്യാറാക്കിയ 3 കോടി രൂപയുടെ ഡി.പി.ആർ - കൾ അതാത് അസിസ്റ്റന്റ് എഞ്ചിനീയർമാരും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും പരിശോധിച്ച് സ്വീകാര്യമാണെങ്കിൽ, ആയത് അസിസ്റ്റന്റ് എഞ്ചിനീയർമാരും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ബോധ്യപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ടി ഡി.പി.ആർ - കൾ സ്വീകാര്യമല്ലെങ്കിൽ, ആയതിൽ വരുത്തേണ്ട മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള റിപ്പോർട്ട് അതാത് അസിസ്റ്റന്റ് എഞ്ചിനീയർമാർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പി.എം.യു-കില യ്ക്ക് നൽകേണ്ടതാണ്. ടി മാറ്റങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഡി.പി.ആർ - കൾ തയ്യാറാക്കേണ്ടതും, പുതിയ ഡി.പി.ആർ ആവശ്യമുള്ള സാഹചര്യത്തിൽ ആയത് തയ്യാറാക്കേണ്ടതും. പി.എം.യു-കില യുടെ നേരിട്ടുള്ള നേതൃത്വത്തിൽ ആയിരിക്കേണ്ടതാണ്. ടി ഡി.പി.ആർ - കൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/അസിസ്റ്റന്റ് എഞ്ചിനീയർമാർ എന്നിവർ ബോധ്യപ്പെട്ട് അംഗീകാരത്തിനായി അയയ്ക്കേണ്ടതുമാണ്.

**ചീഫ് എഞ്ചിനീയർ**

എൻ.പി/-